# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.253 28/05/2019-ൽ മറുപടിക്ക്

## കിരൺ ആരോഗ്യ സർവ്വേ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| എ) | സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ കിരൺ ആരോഗ്യ സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ? | എ) | സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും അതിലേക്കു നയിക്കുന്ന കാരണങ്ങളെക്കുറിച്ചും ആഴത്തിൽ പഠിക്കുന്നതിനായി കേരള ഇൻഫർമേഷൻ ഓൺ റെസിഡൻസ് ആരോഗ്യം നെറ്റ്‌വർക് (KIRAN ) എന്ന പേരിൽ 10 ലക്ഷം ജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് ആൻഡ് സയൻസ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ ഒരു ബൃഹത് പഠനം സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലെയും എല്ലാ വിഭാഗം ജനങ്ങളുടെയും ആരോഗ്യ സംബന്ധമായ വിവരങ്ങളാണ് ആരോഗ്യ പ്രവർത്തകർ വഴി ഇ-ഹെൽത്ത് സംവിധാനത്തിന്റെ സാങ്കേതിക സഹായം സ്വീകരിച്ചു കൊണ്ട് ടാബ്ലറ്റ് കംപ്യൂട്ടറുകളിൽ വിവര ശേഖരണം നടത്തുന്നത്. ജനങ്ങളുടെ ഭക്ഷണ രീതി , വ്യായാമ രീതി, മദ്യപാനം, പുകവലി തുടങ്ങിയ ദുഃശ്ശീലങ്ങൾ, രോഗാതുരത, ചികിത്സാരീതികൾ , കുടുംബത്തിലുണ്ടാകുന്ന മരണകാരണങ്ങൾ തുടങ്ങിയ വിഷയങ്ങളിലാണ് വിവര ശേഖരണം നടത്തുന്നത്. ഇങ്ങനെ സംഭരിക്കുന്ന ആരോഗ്യ വിവരങ്ങൾ സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്റ്റേറ്റ് ഡേറ്റ സെല്ലിലാണ് സംഭരിക്കപ്പെടുന്നത്. പഠനം പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ ജന വിഭാഗങ്ങൾക്കിടയിലുള്ള രോഗങ്ങളെക്കുറിച്ചും രോഗത്തിലേക്കു നയിക്കുന്ന ശീലങ്ങളെക്കുറിച്ചും, കാരണങ്ങളെക്കുറിച്ചുമുള്ള വിശദമായ രൂപരേഖ ആരോഗ്യ വകുപ്പിന് ലഭ്യമാകുന്നതാണ്. ആരോഗ്യ പദ്ധതികളുടെ ശരിയായ ആസൂത്രണത്തിനും വിഭവ വികേന്ദ്രീകരണത്തിനും ഈ പഠനം പ്രയോജനകരമാണ്. |
| ബി) | ബഹുരാഷ്ട്ര മരുന്നുകമ്പനികൾക്ക് വിവരങ്ങൾ | ബി) | കിരൺ സർവ്വേ നയിക്കുന്നത് അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസും പഠനത്തിന്റെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ടി സെന്ററിന്റെ പൊതുജനാരോഗ്യം |

| | | | |
|---|---|---|---|
| | കൈമാറുന്ന കനേഡിയൻ കമ്പനിക്കുവേണ്ടിയാണ് ആരോഗ്യവകുപ്പ് പ്രസ്തുത സർവ്വേ നടത്തിയതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വ്യക്തമായ വിവരം നൽകുമോ? | | മേധാവിയുമാണ്. കിരൺ സർവേയുടെ ചോദ്യാവലി ഉൾപ്പെടുന്ന സോഫ്റ്റ്‌വെയർ തയാറാക്കുന്നതിന് പ്രമുഖ ആഗോള പൊതുജനാരോഗ്യ ഗവേഷണ സ്ഥാപനമായ Mc Master യൂണിവേഴ്സിറ്റിയിലെ പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിട്യൂട്ടിന്റെ സാങ്കേതിക സഹായം സ്വീകരിച്ചിരുന്നു. എന്നാൽ വിവര ശേഖരണത്തിലോ, വിവരങ്ങൾ കൈമാറുന്നതിലോ Mc Master യൂണിവേഴ്സിറ്റിയുമായി യാതൊരു വിധ ധാരണയിലും സർക്കാർ എത്തിയിട്ടില്ല. 10 ലക്ഷത്തോളം വരുന്ന ജനങ്ങളുടെ വിവരങ്ങളിൽ സ്റ്റാറ്റിറ്റിക്കൽ അനാലിസിസ് നടത്തുന്നതിന് ഈ രംഗത്ത് പരിചയ സമ്പന്നരായ PHRI (പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ) യുടെ സാങ്കേതിക സഹായം അച്യുതമേനോൻ സെന്റർ താല്പര്യപെട്ടിരുന്നു. ഇത് ലഭിക്കുന്നതിനുള്ള ഹെൽത്ത് മിനിസ്റ്റേഴ്സ് സ്ക്രീനിംഗ് കമ്മിറ്റി അനുമതിക്കായി അപേക്ഷ നല്കിയിട്ടുള്ളതാണ്. ആരോഗ്യ വകുപ്പ് ശേഖരിക്കുന്ന ഡേറ്റ സ്റ്റേറ്റ് ഡേറ്റ സെല്ലിൽ സുരക്ഷിതമാണെന്നിരിക്കെ കനേഡിയൻ കമ്പനിക്ക് വിവരം കൈമാറുന്നുവെന്ന ആക്ഷേപത്തിൽ യാതൊരു വസ്തുതയുമില്ലാത്തതാണ്. പഠനം പൂർത്തിയാക്കിയ ശേഷം പഠന വിവരങ്ങൾ ആരോഗ്യ വകുപ്പ് പ്രസിദ്ധീകരിക്കുന്നതിനും , ഗവേഷണ ആവശ്യങ്ങൾക്ക് അനുമതി നൽകുന്നതിനും തീരുമാനിച്ചിട്ടുള്ളതിനാൽ മരുന്ന് കമ്പനികൾക്ക് വിവരങ്ങൾ കൈമാറുന്നുവെന്ന ആക്ഷേപത്തിൽ യാതൊരു അടിസ്ഥാനവുമില്ല. |

സെക്ഷൻ ഓഫീസർ